പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5179 — 24-10-2011 - ൽ മറുപടിയ്ക്ക്

## ജലാശയങ്ങളും കുളങ്ങളും കിണറുകളും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ബാബു എം.പാലിശ്ശേരി. | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) നിലവിൽ സംരക്ഷിക്കപ്പെടാതെ കിടക്കുന്ന ജലാശയങ്ങളും കുളങ്ങളും കിണറുകളും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനു നടപടി സ്വീകരിക്കുമോ ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (ബി) 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേയ്ക്ക് സംസ്ഥാനത്തെ ജലാശയങ്ങളും കുളങ്ങളും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2011-13 കാലയളവിലേക്കായി 22.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതാണ്. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 22.82 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. റിവർ ബേസിൻ അടിസ്ഥാനത്തിൽ 165 കുളങ്ങൾക്കാണ് അംഗീകാരം നൽകിയത്. അവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ